# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 9

# വാർത്താക്കുറിപ്പ്

--

**ഗ്രേസ് മാർക്കിനുള്ള അപേക്ഷ കോളജ് മുഖേന മാത്രം**

എൻ.സി.സി, എൻ.എസ്.എസ്, സ്പോർട്സ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഇനി മുതൽ വിദ്യാർത്ഥികൾ അതത് കോളജ് പ്രിൻസിപ്പൽമാർ മുഖേന മാത്രം സർവ്വകലാശാലയിലേക്ക് അയക്കേണ്ടതാണ്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ അപേക്ഷകളൊന്നും സെക്ഷനുകളിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.കോവിഡ് കണ്ടെയിൻ്റ്മെൻ്റ് സോൺ നിയന്ത്രണങ്ങളുള്ളതിനാലാണ് ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വൈസ് ചാൻസലർ അറിയിച്ചു.മഹാത്മാഗാന്ധി സർവ്വകലാശാല ഓഫീസുകളിലും പരീക്ഷാ ഭവനിലും വിദ്യാർത്ഥികൾ ഉൾപ്പെടെ സന്ദർശകർക്ക് കർശന വിലക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ വിതരണത്തിനായി കൊളജുകളിൽ ഉടൻ എത്തിക്കുന്നതാണ്.

(പി.ആർ.ഒ/39/879/2021)

**അന്തർദ്ദേശീയ കോൺഫറൻസ് ഇന്ന് (സെപ്തംബർ 10) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കീഴിലുള്ള സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് പോളണ്ടിലെ പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റി ഓഫ് ടെക്നാളജി, ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവയുടെ സഹകരണത്തോടെ സ്ഥൂല തന്മാത്ര (macro molecules) കളുടെ ഘടന, സംശ്ലേഷണം, രൂപപരിണാമം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് സംഘടിപ്പിച്ചിട്ടുള്ള അന്തർദ്ദേശീയ കോൺഫറൻസ് ഇന്നു (സെപ്തംബർ 10) മുതൽ സെപ്തംബർ 12 വരെ ഓൺലൈനായി നടക്കും. രാവിലെ 8.30 ന് തുടങ്ങുന്ന പരിപാടിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പൊളിമർ സയൻസ് മേഖലയിൽ അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞനുമായ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. പോളണ്ടിലെ റോക്ക് ലോ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പ്രഫ. മെസ്സീജ് ജറോസ്വ്സ്കി, ഡാൻസ് ക് യൂണിവേഴ്സിറ്റിയിലെ പ്രഫ. ജോസഫ് ടി. ഹാപോ ന്യൂക്ക് എന്നിവരാണ് പരിപാടി ഉദ്ഘാടനം ചെയ്യുന്നത്. മഹാത്മാ ഗാന്ധി പ്രോ- വൈസ് ചാൻസലർ

പ്രഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവർ മുഖ്യ പ്രഭാഷണം നടത്തും. ഇന്ത്യൻ സർവ്വകലാശാലകൾക്കും വിദേശ സർവ്വകലാശാലകൾക്കും ഇടയിലുള്ള അക്കാദമിക - ഗവേഷണ സഹകരണ സാധ്യതകൾ സംബന്ധിച്ച് പ്രഫ. സാബു തോമസ് സംസാരിക്കും.

യു. കെ, യു. എസ്, ജർമ്മനി, ഫ്രാൻസ്, റഷ്യ, ഗ്രീസ്, എത്യോപ്യാ, ജപ്പാൻ തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് കോൺഫറൻസിൽ പങ്കെടുക്കുക. കൊൺഫ്രൻസിൽ പങ്കെടുക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കും http://macromol.in/polimericmaterials2021 എന്ന വെബ് പേജ് സന്ദർശിക്കുക. macromolecules@macromol.in എന്ന ഇ-മെയിൽ വിലാസത്തിലും ഇതു സംബന്ധിച്ച വിവരം ലഭിക്കും.

(പി.ആർ.ഒ/39/880/2021)

## : അലൂമ്നി മീറ്റ് മാറ്റി

സെപ്തംബർ 11 ന് നടത്താനിരുന്ന ഗ്ലോബൽ അലൂമ്നി മീറ്റ് മാറ്റി വച്ചു. പുതുക്കിയ തിയതി പിന്നീട് അറിയിക്കും

(പി.ആർ.ഒ/39/881/2021)

## അപേക്ഷാ തീയതി

ഒന്നു മുതൽ നാലാം വർഷം വരെയുള്ള ബി.എസ്.സി - എം എൽ .റ്റി (2008 മുതലുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷക്ക് പിഴയില്ലാതെ സെപ്തംബർ 27 വരെയും 550 രൂപ പിഴയോടെ 28 നും 1050 രൂപ സൂപ്പർ ഫൈനോട് കൂടി 29 നും അപേക്ഷിക്കാം. പരീക്ഷാ ഫീസിന് പുറമേ പേപ്പറൊന്നിന്ന് 35 രൂപ വീതം ഒരു വർഷത്തേക്ക് പരമാവധി 210 രൂപ നിരക്കിൽ സി.വി. ക്യാംപ് ഫീസും അടയ്ക്കണം.

(പി.ആർ.ഒ/39/882/2021)

## പരീക്ഷ 28 മുതൽ

മൂന്നാം സെമസ്റ്റർ എം.എ (പ്രിൻറ് ആൻറ് ഇലക്ട്രോണിക് ജേണലിസം 2019 അഡ്മിഷൻ - റഗുലർ) പരീക്ഷ സെപ്തംബർ 28ന് ആരംഭിക്കും . തിലേക്കുള്ള അപേക്ഷകൾ പിഴയില്ലാതെ സെപ്തംബർ 14 വരെയും 550 രൂപ പിഴയോടെ 15 നും 1050 രൂപ സൂപ്പർ ഫൈനോട് കൂടി 16 നും സ്വീകരിക്കും

(പി.ആർ.ഒ/39/883/2021)

## പരീക്ഷാ ഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ് - 2015-17 അഡ്മിഷൻ - സപ്ലിമെൻ്ററി, 2018 അഡ്മിഷൻ - സപ്ലിമെൻ്ററി / ഇംപ്രൂവ്മെൻ്റ്, 2012, 2013, 2014 അഡ്മിഷൻ - മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ സെപ്തംബർ 24 വരെ ഓൺലൈനായി സമർപ്പിക്കാം. കൂടുതൽ

വിവരങ്ങൾക്ക് www.mgu.ac.in സൈറ്റിലെ സ്റ്റുഡൻ്റ് പോർട്ടൽ എന്ന ലിങ്ക് പരിശോധിക്കുക.

(പി.ആർ.ഒ/39/884/2021)

2019 നവമ്പറിൽ ൽ നടന്ന ബി എസ് സി - കമ്പ്യൂട്ടർ സയൻസ് (സി.ബി സി. എസ്. എസ് ) - ഓഫ് കാമ്പസ് - ഒന്നു മുതൽ ആറുവരെ സെമസ്റ്റർ സപ്ലിമെൻ്ററി / മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കു മുള്ള അപേക്ഷകൾ സെപ്തംബർ 22 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.mgu.ac.in എന്ന സൈറ്റ് പരിശോധിക്കുക. അപേക്ഷയോടൊപ്പം ഹാൾടിക്കറ്റ്/ മാർക്ക്ലിസ്റ്റ് ഇവയുടെ പകർപ്പുകൂടി സമർപ്പിക്കണം.

(പി.ആർ.ഒ/39/885/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ